"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ് - കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ഇന്നവേഷൻ ആൻഡ് ടെക്നോളജി ( ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള) വൈസ് ചാൻസലർ ഡോ.സജി ഗോപിനാഥിന്റെ ശമ്പളം നിശ്ചയിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.44/2024/ITD തീയതി,തിരുവനന്തപുരം, 11-03-2024

---

പരാമർശം:-

1. മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ (ഉന്നത വിദ്യാഭ്യാസ വകുപ്പ്) 02-11-2017 ലെ നമ്പർ.1-7/2015-U.II(1) നോട്ടിഫിക്കേഷൻ.
2. 29.06.2019 -ലെ സ.ഉ.(പി) നം. 18/2019/ഉ.വി.വ സർക്കാർ ഉത്തരവ്.
3. സ.ഉ(സാധാ)നം.110/2021/ഐ.ടി തീയതി 04.08.2021
4. ഡിജിറ്റൽ യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ 23.11.2022-ലെ KUDSIT/96/DR AD/2021 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ഇന്നവേഷൻ ആൻഡ് ടെക്നോളജി (ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള) ) വൈസ് ചാൻസലർ സ്ഥാനത്തേക്ക് നിയമിക്കപ്പെട്ട, ഐ.ഐ.എം കോഴിക്കോട് പ്രൊഫസർ ആയ ഡോ.സജി ഗോപിനാഥിന്റെ ശമ്പളം നിശ്ചയിച്ചുകൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വൈസ് ചാൻസലർ സ്ഥാനത്ത് നിയമിതനാകുന്നതിന് മുൻപ് കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം) സി.ഇ.ഒ ആയി ഡെപ്യൂട്ടേഷനിൽ പ്രവർത്തിച്ചിരുന്ന ഡോ.സജി ഗോപിനാഥിന് പ്രസ്തുത തസ്തികയിൽ ലഭിച്ചിരുന്ന ശമ്പളവും ആനുകൂല്യങ്ങളും വൈസ് ചാൻസലർ തസ്തികയിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് രജിസ്ട്രാർ പരാമർശം (4) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 , 2 എന്നിവയുടെ അടിസ്ഥാനത്തിൽ കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ഇന്നവേഷൻ ആൻഡ് ടെക്നോളജി ( ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള) വൈസ് ചാൻസലർ ഡോ.സജി ഗോപിനാഥിന്റെ ശമ്പളം ടിയാൻ പ്രസ്തുത യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായി ചുമതലയേറ്റ തീയതിയായ 28/10/2020 മുതൽ 2,10,000 രൂപയായും സ്പെഷ്യൽ അലവൻസ് 11,250/- രൂപയായും നിജപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രത്തൻ യു കേൽക്കർ ഐ എ എസ്

സെക്രട്ടറി

<u>പകർപ്പ്.</u>

ഡോ.സജി ഗോപിനാഥ്, വൈസ് ചാൻസലർ, ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള, തിരുവനന്തപുരം.

രജിസ്ട്രാർ, ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള, തോന്നയ്ക്കൽ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള , തിരുവനന്തപുരം

ധനകാര്യ (പി.യു.ഡി) വകുപ്പ്. *(14-02-2024- ലെ 1747969/PU-D3/47/2021-Fin* നമ്പർ കുറിപ്പ്)

ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതു ജനസമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Mahesh
Date: 11-03-2024 17:44:15

സെക്ഷൻ ഓഫീസർ